• റിപ്പോർട്ട്




# അട്ടപ്പാടിയിൽ ജനിതകമാറ്റം വരുത്തിയ പരുത്തി കൃഷിചെയ്യുന്നു

വി.എം. ഷൺമുഖദാസ്

**കേരളത്തിൽ ജനിതകമാറ്റം വരുത്തിയ വിത്തുകൾ ഉപയോഗിക്കുന്നതിന് കൃഷിവകുപ്പ് നിരോധിച്ചിട്ടുണ്ടെങ്കിലും കഴിഞ്ഞ രണ്ടുവർഷമായി തമിഴ്നാടിനോട് ചേർന്നുകിടക്കുന്ന അട്ടപ്പാടിയിൽ ബിടി പരുത്തി കൃഷി ചെയ്തുവരുന്നുണ്ടെന്നാണ് ബൊമ്മിയാംപടിക്കടുത്തുള്ള എൺപത് വയസ് പിന്നിട്ട കർഷകനായ അപ്പുണ്ണിനായർ പറയുന്നത്.**

മഹാരാഷ്ട്ര, ആന്ധ്ര, പഞ്ചാബ് ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിലെ നൂറുകണക്കിന് കർഷകരുടെ ആത്മഹത്യയിലേക്ക് വഴിവെച്ച ബി.ടി. പരുത്തി (ജനിതകമാറ്റം വരുത്തിയ പരുത്തി) കൃഷി അട്ടപ്പാടി മേഖലയിലും വ്യാപിക്കുന്നു. അഗളി, ഷോളയൂർ, പുതൂർ ഗ്രാമപഞ്ചായത്തുകളിലെ 200 ഏക്കറോളം സ്ഥലത്ത് കഴിഞ്ഞ രണ്ടുവർഷത്തോളമായി ബി.ടി പരുത്തികൃഷി ചെയ്തുവരുന്നതായാണ് വിവരം. എന്നാൽ, കൃഷിവകുപ്പിനോ, അട്ടപ്പാടിയെ ഹരിതവത്കരിക്കാൻ വേണ്ടി പത്തുവർഷത്തോളമായി പ്രവർത്തിക്കുന്ന അഹാഡ്സിനോ ഈ വിവരമറിയില്ലെന്നാണ് പറയുന്നത്. തമിഴ്നാട്ടിൽനിന്നാണ് കർഷകർ ബി.ടി പരുത്തി വിത്ത് വാങ്ങിക്കുന്നത്. കേരളത്തിൽ ജനിതകമാറ്റം വരുത്തിയ വിത്തുകൾ ഉപയോഗിക്കുന്നതിന് കൃഷിവകുപ്പ് നിരോധിച്ചിട്ടുണ്ടെങ്കിലും കഴിഞ്ഞ രണ്ടുവർഷമായി തമിഴ്നാടിനോട് ചേർന്നുകിടക്കുന്ന അട്ടപ്പാടിയിൽ ബി.ടി പരുത്തി കൃഷി ചെയ്തുവരുന്നുണ്ടെന്നാണ് ബൊമ്മിയാംപടിക്കടുത്തുള്ള എൺപത് വയസ് പിന്നിട്ട കർഷകനായ അപ്പുണ്ണിനായർ പറയുന്നത്. കഴിഞ്ഞ ഒരുവർഷമായി ഇദ്ദേഹം ആർ.സി.എച്ച്.ബി 708 എന്ന വിത്ത് ഉപയോഗിച്ച് പരുത്തികൃഷിയിറക്കി വരുന്നു. രോഗപ്രതിരോധശേഷിയും അത്യുൽപാദന ശേഷിയുമുണ്ടെന്ന് പറയുന്ന ഈ വിത്തിന് നല്ലവില നൽകേണ്ടി വരുന്നു. ഓർഗാനിക് പരുത്തി വിത്ത് കിലോയ്ക്ക് 600 രൂപ വിലയുള്ളപ്പോൾ ജനകിതമാറ്റം വരുത്തിയ പരുത്തി വിത്തിന് കിലോയ്ക്ക് 2000 രൂപയാണ് വില. തമിഴ്നാട്ടിലെ റാസി സീഡ്സിൽ നിന്നാണ് ബി.ടി പരുത്തി കർഷകർ വാങ്ങുന്നത്. മോൺസാന്റോ കമ്പനിയുമായി ബന്ധമുള്ള കമ്പനിയാണ് ഈ റോഡിലെ റാസി സീഡ്സ്.

ബി.ടി പരുത്തി ആദ്യം കൃഷി ചെയ്യുമ്പോൾ നല്ല വിളവ് ലഭിക്കുന്നുണ്ടെങ്കിലും തുടർന്നുള്ള വർഷങ്ങൾ വിളവ് കുറയുകയും കീടശല്യം വർധിക്കുകയുമാണ് ചെയ്തുവരുന്നത്. ആദ്യതവണ വിളവ് കൂടുമെങ്കിലും പിന്നീടുള്ള വർഷങ്ങളിൽ വിളവ് കുറഞ്ഞാണത്രെ ലഭിക്കുന്നത്. കൂടുതൽ കീടനാശിനികളും ഉപയോഗിക്കേണ്ടിവരുന്നത് നഷ്ടം വരുത്താനിടയാക്കുന്നു. കന്നുകാലികൾ ഈ പരുത്തിയിലയോ, തണ്ടോ തിന്നാൽ അവ ചാവാറുണ്ടെന്ന് ആന്ധ്രയിലും മഹാരാഷ്ട്രയിലും സർക്കാറുകൾ നടത്തിയ പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. വിദർഭയിലും ആന്ധ്രയിലും പഞ്ചാബിലും ബി.ടി പരുത്തികൃഷി ചെയ്ത് വൻ നഷ്ടമുണ്ടായതിനെ തുടർന്ന് മൂവായിരത്തോളം കർഷകർ ആത്മഹത്യ ചെയ്തിരുന്നു. ഇതിനെ തുടർന്ന് മഹാരാഷ്ട്ര സർക്കാർ ബി.ടി പരുത്തികൃഷി നിരോധിച്ചിരിക്കുകയാണ്.

അട്ടപ്പാടിയിൽ ബി.ടി പരുത്തി കൃഷി ചെയ്തുവരുന്നതിനെക്കുറിച്ച് തിരുവനന്തപുരത്തെ തണൽ എന്ന സംഘടനയും വൈൽഡ് ലൈഫ് സൊസൈറ്റി ഓഫ് ഇന്ത്യയുമാണ് പഠിച്ചത്. ജൈവ വൈവിധ്യബോർഡ് അടുത്തുതന്നെ ഇവിടെ വിശദമായ പഠനം നടത്താൻ തയാറായിട്ടുണ്ട്.